തോട്ടശ്ശേരിയിറ - ഇല്ലത്തുമാട് റോഡ് പുനരുദ്ധാരണം

217 (4571) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തോട്ടശ്ശേരിയിറ-ഇല്ലത്തുമാട് റോഡ് പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡ് എത്രയും പെട്ടെന്ന് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തോട്ടശ്ശേരിയിറ - ഇല്ലത്തുമാട് റോഡിൽ കി.മീ. 1/725 മുതൽ 3/225 വരെ പുനരുദ്ധാരണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മഴക്കാലം കഴിയുന്നതോടെ ബി.റ്റി. പാച്ച് പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പുനലൂർ മണ്ഡലത്തിൽ പുനരുദ്ധരിച്ച പി.ഡബ്ല്യു.ഡി. റോഡുകൾ

218 (4572) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മണ്ഡലത്തിലെ ഏതെല്ലാം പി.ഡബ്ല്യു.ഡി. റോഡുകളുടെ റെക്ടിഫിക്കേഷനുവേണ്ടി എത്ര തുക ജെ.ബി.ഐ.സി. പദ്ധതിയിൽപ്പെടുത്തി വാട്ടർ അതോറിറ്റി പി.ഡബ്ല്യു.ഡി. കൊല്ലം ഡിവിഷന് അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഏതെല്ലാം പി.ഡബ്ല്യു.ഡി. റോഡുകൾ പുനലൂർ മണ്ഡലത്തിൽ പുനരുദ്ധരിച്ചുവെന്ന് അറിയിക്കുമോ ;

(സി) ഇനി മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾ പുനരുദ്ധരിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദാംശം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. *

(ബി) കൊക്കോട് - വെഞ്ചേമ്പുറോഡ് - അഞ്ചൽ - പുനലൂർ റോഡ് പൊലിക്കോട് - തടിക്കോട് റോഡ്.

(സി) വിശദാംശം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly